നം. C1-8103/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 14.08.2019.
Email - swdkerala@gmail.com
Phone : 0471 - 2306040

## വിജ്ഞാപനം

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പ്രൊബേഷൻ & ആഫ്റ്റർ കെയർ സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രൊബേഷൻ സംവിധാനത്തെക്കുറിച്ച് ഹ്രസ്വചിത്രം/ഡോക്യുമെന്ററി/വീഡിയോ നിർമ്മിക്കുവാനും പ്രചരിപ്പിക്കുവാനും, നടപ്പു വർഷം സർക്കാർ അനുമതി ലഭ്യമായിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് 1958-ന്റെ പ്രചരണത്തിനായി ഹ്രസ്വചിത്രം നിർമ്മിക്കുന്നതിന് വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും താൽപര്യപത്രം ക്ഷണിക്കുന്നു. ഇതിനായി പരമാവധി അഞ്ചു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. താൽപര്യമുള്ളവർ 05.09.2019 വൈകുന്നേരം 5 മണിക്ക് മുൻപായി വിശദമായ പ്രൊപ്പോസൽ ചുവടെ ചേർക്കുന്ന വിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് sjd.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക, അല്ലെങ്കിൽ 8281128237 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**ഡയറക്ടർ,**
**സാമൂഹ്യനീതി വകുപ്പ്,**
**5th Floor, വികാസ് ഭവൻ,**
**തിരുവനന്തപുരം - 695 033.**

For സാമൂഹ്യനീതി ഡയറക്ടർ

## <u>മാർഗ്ഗ നിർദ്ദേശങ്ങൾ</u>

1. വെള്ള പേപ്പറിൽ തയ്യാറാക്കിയ താൽപ്പര്യപത്രത്തിൽ വ്യക്തി/ സ്ഥാപന മേധാവി ഒപ്പ് വെച്ചിരിക്കണം.
2. അപേക്ഷിക്കുന്ന വ്യക്തിയുടെ/ സ്ഥാപനത്തിന്റെ മേൽവിലാസം, ഫോൺനമ്പർ, മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
3. ഹ്രസ്വചിത്രാമാണെങ്കിൽ കഥയുടെ കരട് രൂപം, ഡോക്യുമെന്ററി/ വീഡിയോ ആണെങ്കിൽ ഉള്ളടക്കത്തിന്റെ കരട് രൂപം എന്നിവ താൽപ്പര്യ പത്രത്തോടൊപ്പം ഉൾപ്പെടുത്തിയിരിക്കണം.
4. HIGH DEFENITION ക്യമാറയിലീയിരിക്കണം ഹ്രസ്വചിത്രം/ ഡോക്യുമെന്ററി/ വീഡിയോ ചിത്രീകരിക്കേണ്ടത്.
5. ഉദ്ദേശിക്കുന്ന സാമ്പത്തിക ചിലവിന്റെ ഏകദേശ രൂപം ഘടകങ്ങളായി കാണിക്കുകയും ആകെ എത്ര എന്ന് വ്യക്തമാക്കുകയും ചെയ്യണം.
6. ഈ മേഖലയിലുള്ള മുൻ പരിചയം കാണിക്കുന്ന രേഖകൾ ഹാജരാക്കുന്നത് അഭികാമ്യമായിരിക്കും.
7. വിദഗ്ധസമിതി/ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചായിരിക്കും വ്യക്തിയെ/ സ്ഥാപനത്തെ തെരഞ്ഞെടുക്കുക.